പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:2842 | 18.08.2017 ൽ മറുപടിയ്ക്ക്

## കോതമംഗലം താലൂക്കിൽ കൈവശക്കാർക്ക്പട്ടയം നല്കുന്നതിന് നടപടി

**ചോദ്യം**

ശ്രീ.ആന്റണി ജോൺ

**മറുപടി**

ശ്രീ.ഇ. ചന്ദ്രശേഖരൻ

(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) | കോതമംഗലം താലൂക്കിലെ കീരംപാറ, കുട്ടമ്പുഴ, കവളങ്ങാട് പഞ്ചായത്തുകളിലും താലൂക്കിലെ മറ്റിടങ്ങളിലും റവന്യൂ ഭൂമി കൈവശം വച്ച് താമസിച്ചുവരുന്നവർക്ക് പട്ടയം നല്കുന്നതിനുള്ള നടപടിയുടെ നിലവിലെ സ്ഥിതി വിശദീകരിക്കാമോ; | (എ) കോതമംഗലം താലൂക്കിലെ കീരംപാറ, കുട്ടമ്പുഴ, കവളങ്ങാട് പഞ്ചായത്തുകളിലെ റവന്യൂ ഭൂമി കൈവശം വച്ച് വരുന്നവർക്ക് പട്ടയം നൽകുന്നതിന് ലാൻഡ് അസൈൻമെന്റ് കമ്മിറ്റി രൂപീകരണം സംബന്ധിച്ച് സർക്കാർ ഉത്തരവ് ആയിട്ടുണ്ട്. പതിവു കമ്മിറ്റി കൂടുന്ന മുറക്ക് 77 പട്ടയങ്ങൾ കൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ലഭിച്ച അപേക്ഷകളിലെല്ലാം സമയബന്ധിതമായി നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | ഇതിലേക്കായി 2003 വരെ നിലവിലുണ്ടായിരുന്ന സ്പെഷ്യൽ തഹസിൽദാർ ഓഫീസ് പുനസ്ഥാപിക്കുന്ന നടപടി ഏത് ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കാമോ; | (ബി) ലാന്റ് അസൈൻമെന്റ് സ്പെഷ്യൽ തഹസിൽദാർ ഓഫീസുകളുടെ തുടർച്ചാനുമതി സംബന്ധിച്ച് ഫയലുകളൊന്നും നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. |
| (സി) | ഇവർക്ക് എന്നത്തേക്ക് പട്ടയം നൽകാനാകും എന്ന് വ്യക്തമാക്കാമോ? | (സി) എൽ എ കമ്മിറ്റി ശുപാർശ ചെയ്താൽ 3 മാസത്തിനകം പട്ടയ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ